# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1450 06.03.2017 ൽ മറുപടിയ്ക്ക്**

**വിപണനം നടത്തുന്ന ജൈവപച്ചക്കറിയുടെ ഗുണമേന്മ**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ പച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികൾ എല്ലാം ശുദ്ധമായ ജൈവ പച്ചക്കറിയാണെന്ന് ഉറപ്പ് വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | എ) ജൈവ പച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികളിൽ ഒരു മാസത്തിൽ നൂറ് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് വരുന്നു. |
| ബി) ജൈവ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | ബി) ജൈവ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന് കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 405 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ഒരു ക്ളസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചു കൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലെ 146 ബ്ലോക്കുകളിലും ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ക്ലസ്റ്ററിന് 75,000/- രൂപ വീതം ധനസഹായം അനുവദിച്ചു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ "കേരള ഓർഗനിക്" എന്ന ബ്രാന്റിൽ ഓർഗാനിക് പച്ചക്കറി ഈ വിഷുവിന് സർക്കാർ വിപണിയിൽ ഇറക്കുന്നതാണ്.<br>കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ് 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവ വള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ്+1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500/- രൂപ വീതവും ധനസഹായം അനുവദിച്ചു.<br>നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗോടു കൂടി റസിഡന്റ്സ് |

അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി. പച്ചക്കറിയിൽ ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു.

കൂടാതെ ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്..

സി) സർക്കാർ ഏജൻസികൾ വഴി ജൈവ പച്ചക്കറി വിപണനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സി) ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും 60 ഇക്കോഷോപ്പുകൾ വഴി ജി.എ.പി പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽ നിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റെസിഡൻസ് അസോസിയേഷനിൽ വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ എന്നിവയും കർഷകരിൽ നിന്നും ജൈവ പച്ചക്കറി സംഭരിച്ച വിപണനം നടത്തുന്നുണ്ട്. എന്നാൽ ഇത് കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. ഇതിനായി കൃഷി വകുപ്പ് നേരിട്ട് ഇറക്കുന്ന 'കേരള ഓർഗാനിക്' എന്ന ബ്രാന്റിലും, VFPCK 'തളിർ' എന്ന ബ്രാന്റിലും ശുദ്ധമായ ജൈവ പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതാണ്.